പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5130

24.10.2011-ൽ മറുപടിക്ക്

## കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ശാരീരിക അവശതമൂലം ജോലി ചെയ്യാനാവാത്ത കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ കയർ തൊഴിലാളികൾക്ക് പ്രതിമാസ സഹായമായി എത്ര രൂപ വീതമാണ് നൽകുന്നത്; പ്രസ്തുത സഹായം ലഭ്യമാക്കാൻ വേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) 60 വയസ്സ് പൂർത്തിയാകുന്നതിനു മുൻപ് സ്ഥിരാസ്വാധീനം സംഭവിക്കുന്ന കയർ തൊഴിലാളികൾക്ക് പരമാവധി 2500 രൂപ ഒറ്റത്തവണ ധനസഹായം നല്കുന്നതോടൊപ്പം ഇപ്പോൾ പ്രതിമാസം 400 രൂപ വീതം പെൻഷൻ നൽകി വരുന്നു. സ്ഥായിയായ അവശതകൾ മൂലം തൊഴിൽ ചെയ്യുവാൻ സാധിക്കാത്ത കയർ തൊഴിലാളികൾക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അടക്കം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മേൽ ധന സഹായം ലഭിക്കുന്നതാണ്. |
| (ബി) 044-0159 - ാം നമ്പർ ക്ഷേമനിധി അംഗത്വമുള്ള രോഗിയായ ശ്രീമതി സതിയമ്മ, പെരുമ്പള്ളിൽ വീട്, തണ്ണീർമുക്കം പി. ഒ., ചേർത്തല എന്ന വ്യക്തിക്ക് മേൽപറഞ്ഞ സാമ്പത്തിക സഹായം ഇപ്പോൾ നൽകാത്തത് എന്തുകൊണ്ടാണ്; | (ബി) ശ്രീമതി സതിയമ്മ, പെരുമ്പള്ളിൽ വീട്, തണ്ണീർമുക്കം പി. ഒ., 1/04 മുതൽ കയർ തൊഴിലാളി പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന തൊഴിലാളിയാണ്. ഇപ്പോൾ 400 രൂപയാണ് പ്രതിമാസ പെൻഷൻ. |
| (സി) പ്രസ്തുത സാമ്പത്തിക സഹായം ശ്രീമതി സതിയമ്മയ്ക്ക് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) 60 വയസ്സിന് ശേഷം പെൻഷനല്ലാതെ മറ്റാനുകൂല്യങ്ങൾക്ക് അർഹതയില്ല. |

സെക്ഷൻ ഓഫീസർ